പെട്രോൾ/ഡീസൽ പമ്പുകൾ

209(1277) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തിവന്ന ഏതൊക്കെ പെട്രോൾ/ഡീസൽ പമ്പുകളാണ് ഐ.ഒ.സി/ ബി.പി/ എച്ച്.പി എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ളത്; അവയുടെ പേര് വിവരം നൽകുമോ;

(ബി) സംസ്ഥാനത്ത് എവിടെയെങ്കിലും കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ പുതുതായി പെട്രോൾ/ഡീസൽ പമ്പുകൾ ആരംഭിക്കുന്നതിനായോ ഏതെങ്കിലും പ്രമുഖ പൊതുമേഖലാ എണ്ണ കമ്പനികളുമായി ചേർന്ന് അവരുടെ സംസ്ഥാനത്തുള്ള പമ്പുകൾ ഏറ്റെടുത്ത് നടത്തുന്നതിനായോ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ;

(സി) മായമില്ലാതെ പെട്രോൾ/ഡീസൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പൊതുമേഖലാ സ്ഥാപനമായ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ് സപ്ലൈകോയെ താത്കാലികമായി ഏൽപ്പിച്ചിരുന്ന കോട്ടയം ജില്ലയിലെ വാകത്താനം, തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ എന്നിവിടങ്ങളിലുള്ള 2 പെട്രോൾ പമ്പുകൾ ഐ.ഒ.സി.എൽ.തന്നെ തിരിച്ചെടുത്തിട്ടുണ്ട്. ഇവ സപ്ലൈകോ നേരിട്ട് കൈമാറിയിട്ടുള്ളതല്ല. മറിച്ച് ഐ.ഒ.സി.എൽ.-ന്റെ അധികാര പരിധിയിൽപ്പെട്ട കാര്യമാണ്.

(ബി) പൊതുമേഖലാ എണ്ണക്കമ്പനികളുമായി പുതിയ പെട്രോൾ ബങ്കുകൾ ആരംഭിക്കുന്നതിനുള്ള സാധ്യതകൾ ആരാഞ്ഞിട്ടുണ്ട്.

(സി) മായമില്ലാത്ത പെട്രോളും ഡീസലുമാണ് സപ്ലൈകോ പെട്രോൾ ബങ്കുകൾവഴി വിതരണം ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly